**MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION**
( Under the Holy Apostolic See of Antioch and All the East ) Reg.No. ER/308/07
**KOTTAYAM DIOCESE**

https://mjssakottayamdiocese.com
https://www.facebook.com/M.J.S.S.A.KottayamDiocese
mjssakottayamdiocese@gmail.com

**AVINESH ABRAHAM THANDASSERIL**
**DIRECTOR**
MJSSA KOTTAYAM DIOCESE
9061200790

**No: KTYM/ D/ Academic / 17**

**Date : 19.05.2026**

---

# MJSSA കലോത്സവം 2026

## സീനിയർ ( Date of Birth 01.01.2009 to 31.12.2013 )

## "ഫലങ്ങൾ കൊണ്ടാണ് വൃക്ഷം അറിയപ്പെടുന്നത് "
## ( വി.മത്തായി 12:33 )

റവ.ഫാ.ഗീവർഗീസ് ( സജി ) നടുമുറിയിൽ,
റവ.ഫാ.സോബിൻ ഏലിയാസ് വർഗീസ് അറയ്ക്കലൊഴത്തിൽ
എന്നിവരുടെ നേതൃത്വത്തിൽ എം.ജെ.എസ്.എസ്.എ കോട്ടയം ഭദ്രാസന
കമ്മിറ്റി തയ്യാറാക്കിയ സീനിയർ വിഭാഗത്തിനുള്ള മാതൃക പ്രസംഗങ്ങൾ
------------------------------------- ---

**Prepared By**



**Rev. Fr. Geevarghese (Saji)**
**Nadumuriyil**

**Assistant Vicar**
**St.Mary's Jacobite Syrian Cathedral**
**Manarcad**



**Rev. Fr. Sobin Elias Varghese**
**Arakalozhathil**

**Vicar**
**St.Thomas Jacobite Syrian Church**
**Arpookkara**

**Assistant Vicar**
**St.Thomas Jacobite Syrian Church Chengalam**

**ഓരോ വിഷയത്തെക്കുറിച്ചും ഈ PDF ൽ നൽകിയിട്ടുള്ള എല്ലാ പ്രസംഗങ്ങളും (Page No: 2 to 11 ) കുട്ടികൾ വായിക്കുകയും, അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും സഹായത്തോടെ വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ള വാക്യങ്ങളിൽ കൂടി (Page No: 11 to 13 ) ഉൾപ്പെടുത്തി പ്രസംഗം പുനർക്രമീകരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ആമുഖത്തിൽ പ്രസംഗവുമായി ബന്ധപ്പെട്ട, വിഷയത്തിലേക്ക് നയിക്കുന്ന ഒരു ആനുകാലിക സംഭവവും ഉൾപ്പെടുത്തിയാൽ ഉചിതമാവും. ഓരോ വിഭാഗത്തിലും പ്രസംഗത്തിനുള്ള സമയക്രമീകരണവും മനസിലാക്കുക**

**( Senior – 5 Minutes )**

# പ്രസംഗം - 1

ദൈവ തിരുനാമത്തിന് മഹത്വമുണ്ടാകട്ടെ. മാന്യ സദസ്സിന് കർത്തൃ നാമത്തിൽ സ്നേഹ വന്ദനം. നമുക്ക് ഇന്നിവിടെ ചിന്തിക്കുവാനായിട്ട് കിട്ടിയിരിക്കുന്ന വിഷയം വിശുദ്ധ മത്തായിയുടെ സുവിശേഷം പന്ത്രണ്ടാം അദ്ധ്യായം മുപ്പത്തിമൂന്നാമത്തെ തിരുവചനം "ഫലങ്ങൾകൊണ്ടാണ് വൃക്ഷം അറിയപ്പെടുന്നത് " എന്നുള്ളതാണ്.

"ഫലങ്ങൾകൊണ്ടാണ് വൃക്ഷം അറിയപ്പെടുന്നത്" എന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ഈ വചനം നമ്മുടെ ജീവിതത്തെ വിലയിരുത്താനുള്ള ഒരു ആത്മീയ സത്യമാണ്. **ഒരു വൃക്ഷത്തിന്റെ സ്വഭാവം അതിന്റെ ഫലത്തിൽ കാണുന്നതുപോലെ, ഒരു മനുഷ്യന്റെ ജീവിതവും അവന്റെ പ്രവൃത്തികളിലും വാക്കുകളിലും പ്രതിഫലിക്കുന്നു**. അതുകൊണ്ട്, ഈ വചനം നമ്മെ ചോദ്യം ചെയ്യുന്നു — **നമ്മുടെ ജീവിതത്തിൽ എന്തുതരം ഫലങ്ങളാണ് കാണപ്പെടുന്നത്?**

## 1. ഹൃദയത്തിന്റെ സ്വഭാവം ഫലത്തിൽ പ്രകടമാകുന്നു

പ്രിയരേ, ഒരു വൃക്ഷം നല്ലതാണെങ്കിൽ അതിന്റെ ഫലം നല്ലതായിരിക്കും, ദോഷമുള്ള വൃക്ഷം ദോഷഫലം തന്നെയാണ് തരുന്നത്. *"നല്ല വൃക്ഷത്തിന് ചീത്തഫലങ്ങൾ കായ്ക്കാനോ, ചീത്ത വൃക്ഷത്തിന് നല്ല ഫലങ്ങൾ കായ്ക്കാനോ സാദ്ധ്യമല്ല"* **(വി.മത്തായി 7:18).** ഇത് നമ്മെ പഠിപ്പിക്കുന്നത് നമ്മുടെ ഹൃദയം എങ്ങനെയാണോ, അതുപോലെ തന്നെയാണ് നമ്മുടെ പ്രവൃത്തികളും ഉണ്ടാകുന്നത്. **സഭാപിതാവായ വി.ജോൺ ക്രിസോസ്റ്റം പറയുന്നു:** *"മനുഷ്യന്റെ ഉള്ളിലെ ചിന്തകളാണ് അവന്റെ ജീവിതത്തിന്റെ*

*ഫലമായി പുറത്തുവരുന്നത്."* അതുകൊണ്ട്, **നമുക്ക് നല്ല ഫലം ലഭിക്കണമെങ്കിൽ, ആദ്യം നമ്മുടെ ഹൃദയം ശുദ്ധമാക്കണം.**

## 2. ആത്മാവിന്റെ ഫലങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രകടമാകണം

പ്രിയരേ, ക്രിസ്തീയജീവിതം വെറും വാക്കുകളിൽ അല്ല, ഫലങ്ങളിൽ ആണ് തെളിയേണ്ടത്. ആത്മാവിന്റെ ഫലങ്ങൾ ഏതൊക്കെയാണെന്ന് **ഗലാത്യർ 5:22** ൽ പറയുന്നു. *സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വാസം, വിനയം, സഹനം (ഇന്ദ്രിയജയം)* - ഈ ഗുണങ്ങൾ നമ്മുടെ ജീവിതത്തിൽ കാണപ്പെടുമ്പോഴാണ് നാം ദൈവത്തിന്റെ മക്കളായി തിരിച്ചറിയപ്പെടുന്നത്. **സഭാപിതാവായ വി.എഫ്രയിം (St.Ephraim the Syrian)** പറയുന്നു: *"ദൈവത്തിൽ ജീവിക്കുന്നവന്റെ ജീവിതം സ്നേഹത്തിന്റെ ഫലങ്ങൾ കൊണ്ട് നിറഞ്ഞിരിക്കും."* അതുകൊണ്ട്, നാം ഓരോ ദിവസവും ആത്മാവിന്റെ ഫലങ്ങൾ നമ്മുടെ ജീവിതത്തിൽ വളർത്തണം.

## 3. നല്ല ഫലങ്ങൾ ദൈവത്തെ മഹത്വപ്പെടുത്തുന്നു

പ്രിയ സഹോദരങ്ങളേ, നമ്മുടെ ജീവിതത്തിലെ നല്ല ഫലങ്ങൾ ദൈവത്തെ മഹത്വപ്പെടുത്തുന്നു. *"നിങ്ങൾ അധിക ഫലം പുറപ്പെടുവിക്കുക മൂലം പിതാവ് മഹിമപ്പെടുന്നു"* **(വി.യോഹന്നാൻ 15:8).** നമ്മുടെ നല്ല പ്രവൃത്തികളും സ്നേഹവും സേവനവും മറ്റുള്ളവർക്ക് ദൈവത്തെ കാണിച്ചുതരുന്നു. **സഭാപിതാവായ മഹാനായ വി. ബേസിൽ (St. Basil the Great)** പറയുന്നു: *"നല്ല പ്രവൃത്തികളിലൂടെ ദൈവത്തിന്റെ മഹത്വം ലോകത്തിൽ വെളിപ്പെടുന്നു."* അതുകൊണ്ട്, **നാം ചെയ്യുന്ന ഓരോ നല്ല പ്രവൃത്തിയും ദൈവത്തിന്റെ മഹത്വത്തിനായിരിക്കണം**.

പ്രിയ സഹോദരങ്ങളേ, "ഫലങ്ങൾകൊണ്ടാണ് വൃക്ഷം അറിയപ്പെടുന്നത്" എന്ന ഈ വചനം നമ്മെ ആത്മപരിശോധനയ്ക്ക് വിളിക്കുന്നു. നമ്മുടെ ജീവിതത്തിൽ എന്തുതരം ഫലങ്ങളാണ് കാണപ്പെടുന്നത് എന്ന് നാം ചോദിക്കണം. വിശുദ്ധ വചനം നമ്മെ ഓർമ്മിപ്പിക്കുന്നു: *"മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ടിട്ട് നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിനെ പുകഴ്ത്തുവാൻ തക്കവണ്ണം നിങ്ങളുടെ പ്രകാശം അവരുടെ മുമ്പിൽ വിളങ്ങട്ടെ"* **(വി.മത്തായി 5:16).** അതുകൊണ്ട്, നാം നല്ല ഫലങ്ങൾ കായ്ക്കുന്ന ജീവിതം നയിക്കാം. അങ്ങനെ ചെയ്താൽ, നമ്മുടെ ജീവിതം ദൈവത്തിന് പ്രസാദകരമാകും. നമുക്ക് ലഭിച്ചിരിക്കുന്ന ഈ വിഷയത്തിൽ ഊന്നി കൊണ്ട് അനുഗ്രഹീതമായ ജീവിതം നയിക്കാൻ പരിശുദ്ധാത്മാവ് നമ്മെ ഒരുക്കട്ടെ. നന്ദി, നമസ്ക്കാരം

# പ്രസംഗം - 2

പ്രിയപ്പെട്ട സഹോദരങ്ങളേ, എല്ലാവർക്കും ക്രിസ്തുയേശുവിന്റെ നാമത്തിൽ വന്ദനം.നമ്മുടെ **കർത്താവായ യേശുക്രിസ്തു തന്റെ ഉപദേശങ്ങളിലൂടെ പ്രകൃതിയിലെ ലളിതമായ കാര്യങ്ങളെ വലിയ ആത്മീയ സത്യങ്ങളുമായി ബന്ധിപ്പിക്കാറുണ്ട്.** അത്തരത്തിൽ അത്യന്തം ഗൗരവമേറിയതും എന്നാൽ ലളിതവുമായ ഒരു ചിന്തയാണ് വിശുദ്ധ മത്തായിയുടെ സുവിശേഷം പന്ത്രണ്ടാം അദ്ധ്യായം മുപ്പത്തിമൂന്നാമത്തെ വാക്യത്തിൽ നാം വായിക്കുന്നത്: "ഫലങ്ങൾകൊണ്ടാണ് വൃക്ഷം അറിയപ്പെടുന്നത്."

ഒരു മരം ഏതാണെന്ന് തിരിച്ചറിയാൻ നാം അതിന്റെ വേരുകളിലേക്കോ പലപ്പോഴും ഇലകളിലേക്കോ നോക്കാറില്ല, മറിച്ച് അത് പുറപ്പെടുവിക്കുന്ന ഫലത്തിലേക്കാണ് നോക്കുന്നത്. ഒരു മാവ് മാവാണെന്ന് നാം ഉറപ്പിക്കുന്നത് അതിൽ മാങ്ങ ഉണ്ടാകുമ്പോഴാണ്. ഇതുപോലെതന്നെയാണ് ഒരു മനുഷ്യന്റെ ജീവിതവും. **നമ്മുടെ വേഷവിധാനമോ പദവിയോ വാക്കുകളോ അല്ല നമ്മെ നിർവചിക്കുന്നത്, മറിച്ച് നമ്മുടെ ജീവിതത്തിൽ നിന്നും പുറപ്പെടുന്ന ഫലങ്ങളാണ്.**

**എന്താണ് ഈ 'ഫലം' കൊണ്ട് യേശു അർത്ഥമാക്കുന്നത്?**

- **<u>സ്വഭാവവും പ്രവർത്തിയും</u>**: നമ്മുടെ സംസാരവും പെരുമാറ്റവും മറ്റുള്ളവരോടുള്ള മനോഭാവവുമാണ് നമ്മുടെ ഫലങ്ങൾ. അകമേ നന്മയുള്ള ഒരു മനുഷ്യനിൽ നിന്ന് മാത്രമേ നന്മയുള്ള പ്രവർത്തികൾ ഉണ്ടാകൂ.
- **<u>കാപട്യത്തിന്റെ അന്ത്യം</u>**: പുറമെ കാണുന്ന ഭക്തിയോ ആചാരങ്ങളോ അല്ല പ്രധാനം. ഒരു മരം പട്ടുപോയതാണോ അതോ ജീവനുള്ളതാണോ എന്ന് അതിന്റെ ഫലം നോക്കി മനസ്സിലാക്കാം. ഹൃദയത്തിൽ ദൈവസ്നേഹം ഇല്ലാത്ത ഒരാൾക്ക് സ്നേഹത്തിന്റെ ഫലം പുറപ്പെടുവിക്കാൻ കഴിയില്ല.
- **<u>വേരും ഫലവും തമ്മിലുള്ള ബന്ധം</u>**: വേര് മണ്ണിലാണ്, അത് ആരും കാണുന്നില്ല. പക്ഷേ ഫലം എല്ലാവരും കാണുന്നു. നമ്മുടെ ആത്മീയ ജീവിതത്തിന്റെ വേര് ദൈവത്തോടുള്ള വ്യക്തിപരമായ ബന്ധമാണ്. ആ ബന്ധം ശക്തമാണെങ്കിൽ ഫലങ്ങൾ മനോഹരമായിരിക്കും.

ഒരിടത്ത് ഒരു വലിയ പൂന്തോട്ടമുണ്ടായിരുന്നു. അവിടെ മനോഹരമായ ഇലകളുള്ള, ആരും കൊതിക്കുന്ന ഭംഗിയുള്ള ഒരു പ്ലാസ്റ്റിക് മരം കൃത്രിമമായി ഉണ്ടാക്കി വെച്ചിരുന്നു. ദൂരെ നിന്ന് നോക്കിയാൽ അത് ജീവനുള്ള മരത്തേക്കാൾ മനോഹരമായിരുന്നു. ഇലകൾ വാടില്ല, പൊടി പിടിക്കില്ല. എന്നാൽ, വേനൽക്കാലം വന്നപ്പോൾ പക്ഷികൾ ആ മരത്തിൽ

കൂടുകൂട്ടുവാൻ വന്നില്ല. കാരണം അതിൽ തണലോ ഫലങ്ങളോ ഉണ്ടായിരുന്നില്ല. വിശന്നു വന്ന ഒരു വഴിയാത്രക്കാരൻ ആ മരത്തിന്റെ ചുവട്ടിൽ വന്നെങ്കിലും വിശപ്പടക്കാൻ ഒരു കഷ്ണം പഴം പോലും അതിൽ നിന്ന് കിട്ടിയില്ല. എന്നാൽ തൊട്ടടുത്ത് നിന്നിരുന്ന സാധാരണയായ ഒരു വൃക്ഷത്തിൽ നിറയെ പഴങ്ങൾ ഉണ്ടായിരുന്നു. അതിന്റെ രൂപം അത്ര മനോഹരമല്ലായിരുന്നെങ്കിലും അത് വിശക്കുന്നവന് ഭക്ഷണവും തളർന്നവന് തണലും നൽകി. **ലോകം നമ്മുടെ പുറമെയുള്ള മിനുക്കുപണികളിലല്ല, മറിച്ച് നമ്മുടെ ജീവിതത്തിൽ നിന്ന് അവർക്ക് എന്ത് ഗുണം ലഭിക്കുന്നു എന്നതിലാണ് ശ്രദ്ധിക്കുന്നത്**. രൂപത്തേക്കാൾ പ്രധാനം ഗുണമാണ്.

വിശുദ്ധ ബൈബിൾ ഈ വിഷയത്തെക്കുറിച്ച് വ്യക്തമായി സംസാരിക്കുന്നു:

- **ഗലാത്യർ 5:22-23**: ആത്മാവിന്റെ ഫലങ്ങളെക്കുറിച്ച് ഇവിടെ പൗലോസ് അപ്പോസ്തലൻ പറയുന്നു - *സ്നേഹം, സന്തോഷം, സമാധാനം, ക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം*. ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ ഉണ്ടാകേണ്ട യഥാർത്ഥ ഫലങ്ങൾ ഇവയാണ്.

- **വി.മത്തായി 7:16**: *"അവരെ അവരുടെ ഫലങ്ങൾ കൊണ്ട് നിങ്ങൾ അറിഞ്ഞു കൊള്ളണം.മുള്ളുകളിൽനിന്ന് മുന്തിരിപ്പഴമോ ഞെരിഞ്ഞിലുകളിൽ നിന്ന് അത്തിപ്പഴമോ പറിക്കാറുണ്ടോ?"*

- **വി.യോഹന്നാൻ 15:5**: *"ഞാനാകുന്നു മുന്തിരിവള്ളി. നിങ്ങൾ ശാഖകളുമാണ്. ഒരുവൻ എന്നിലും ഞാൻ അവനിലും വസിച്ചാൽ, അവൻ വളരെയേറെ ഫലം പുറപ്പെടുവിക്കും."*

പ്രിയപ്പെട്ടവരേ, ഇന്ന് നാം സ്വയം ഒന്ന് പരിശോധിക്കണം. നമ്മൾ ഏതുതരം വൃക്ഷമാണ്? നമ്മുടെ വാക്കുകൾ മറ്റുള്ളവരെ മുറിപ്പെടുത്തുന്ന മുള്ളുകളാണോ അതോ അവർക്ക് ആശ്വാസം നൽകുന്ന മധുരഫലങ്ങളാണോ? **നല്ല ഫലം പുറപ്പെടുവിക്കണമെങ്കിൽ നാം ക്രിസ്തുവാകുന്ന വള്ളിയോട് ചേർന്നുനിൽക്കണം.** നമ്മുടെ ജീവിതം കൊണ്ട് മറ്റുള്ളവർക്ക് നന്മയുണ്ടാകണം. ലോകം നമ്മെ നോക്കി പറയണം, "ഇവർ ക്രിസ്തുവിന്റെ അനുയായികളാണ്, കാരണം ഇവരുടെ ജീവിതത്തിൽ സ്നേഹവും കരുണയും കാണാനുണ്ട്." നല്ല ഫലങ്ങൾ നൽകുന്ന അനുഗൃഹീത വൃക്ഷങ്ങളായി വളരാൻ ദൈവം നമ്മെ ഓരോരുത്തരെയും സഹായിക്കട്ടെ. നന്ദി. ദൈവനാമം മഹത്വപ്പെടട്ടെ.

---

# പ്രസംഗം – 3

ദൈവത്തിന്റെ പരിശുദ്ധ തിരുനാമത്തിന് മഹത്വം ഉണ്ടാകട്ടെ. മാന്യ സദസ്സിന് കർത്തൃ നാമത്തിൽ സ്നേഹ വന്ദനം. നമുക്ക് ഇന്നിവിടെ ചിന്തിക്കുവാനായിട്ട് കിട്ടിയിരിക്കുന്ന വിഷയം വിശുദ്ധ മത്തായിയുടെ സുവിശേഷം പന്ത്രണ്ടാം അദ്ധ്യായം മുപ്പത്തിമൂന്നാമത്തെ തിരുവചനം "ഫലങ്ങൾകൊണ്ടാണ് വൃക്ഷം അറിയപ്പെടുന്നത് " എന്നുള്ളതാണ്.

ഫലങ്ങൾ കൊണ്ടാണ് വൃക്ഷം അറിയപ്പെടുന്നത് എന്ന വെളിപ്പെടുത്തലിലൂടെ, വിശുദ്ധ മാമോദീസായിലൂടെ പിതാവാം ദൈവത്തിന്റെ പ്രിയ മക്കളായി തീർന്ന നാം ഓരോരുത്തരും.. തിരുസഭയാകുന്ന മുന്തിരിത്തോട്ടത്തിൽ നട്ടുവളർത്തപ്പെടുന്ന നടുതലകളാണ് എന്നുള്ള വസ്തുത നാം എപ്പോഴും ഓർത്തിരിക്കണം. (**സങ്കീർത്തനങ്ങൾ 80 : 8,9)** സങ്കീർത്തനങ്ങൾ എൻപതാം അദ്ധ്യായത്തിന്റെ 8,9 വാക്യങ്ങളിലൂടെ സങ്കീർത്തനക്കാരൻ ബോധ്യപ്പെടുത്തുന്ന **പഴയനിയമ ചിന്ത**.... മിസ്രയമിൽ നിന്ന് താനൊരു മുന്തിരിവള്ളി മുറിച്ചെടുത്തുകൊണ്ടു വന്ന് വളരെ മനോഹരമായ ഒരു നിലമൊരുക്കി, ആ നിലത്തെ കട്ടകളെല്ലാം പെറുക്കികളഞ്ഞ്.. ആ മുന്തിരി ചെടി നടുവാൻ യോഗ്യമായ നിലയിൽ ആ ഭൂമിയെ ഒരുക്കിയെടുത്ത്... അതിൽ, അതിനെ നട്ട് വളരെയധികം ഫലം പുറപ്പെടുന്ന നിലയിലേക്ക് അതിനെ വളർത്തികൊണ്ടുവരുന്ന ഒരു വലിയ ദൈവീക പദ്ധതിയെ ഓർമ്മപ്പെടുത്തുന്നുണ്ട് പഴയ നിയമ പശ്ചാത്തലത്തിലൂടെ.

**പുതിയനിയമ ചിന്തയിലും**, യേശുക്രിസ്തു ദൈവരാജ്യത്തിന്റെ മർമ്മങ്ങളെ കുറിച്ച് ഓർമ്മപ്പെടുത്തുമ്പോൾ മണ്ണും.. വിത്തും.. അത് വിതയക്കുന്നതിനെകുറിച്ചും... എറിഞ്ഞ വിത്ത് ഫലവത്തായി തീരുന്നതിനെകുറിച്ചും.. ഒക്കെ ഒരുപാട് **ഉപമകളിലൂടെ** ഓർമ്മപ്പെടുത്തുന്നുണ്ട്. *"നിലത്തിൽ വിത്തു വിതച്ച ഒരുവനെപ്പോലെയാകുന്നു സ്വർഗ്ഗരാജ്യം"* **വി.മർക്കോസ് 4:26** ഒരുവൻ മണ്ണിൽ വിത്ത് വിതച്ച ശേഷം രാവും പകലും ഉറങ്ങിയും ഉണർന്നും കഴിയുന്നു എങ്കിൽ അവൻ അറിയാതെ തന്നെയാ വിത്ത് പൊട്ടിമുളക്കുന്നു. ആദ്യം ഞാറും പിന്നെ കതിരും അതിൽ നിറച്ച് ധാന്യങ്ങളും, അത് നല്ല മണികളായി പുറപ്പെടുന്ന ഒരു ഉപമ കർത്താവ് മർക്കോസിന്റെ സുവിശേഷം നാലാം അദ്ധ്യായം ഇരുപത്തിയാറാം വചനം മുതൽ ഓർമ്മപ്പെടുത്തുന്നുണ്ട്.

ഈ വചനങ്ങളൊക്കെ ചേർത്ത് ചിന്തിക്കുമ്പോൾ യഥാർത്ഥമായ നല്ല ഫലം നമ്മിൽ പുറപ്പെടണമെങ്കിൽ..... ***ഒന്ന്*** **.... ക്ഷമാപൂർവ്വം കാത്തിരിക്കുന്ന ഒരു വ്യക്തിക്ക് മാത്രമേ നല്ല ഫലങ്ങൾ പുറപ്പെടുവിക്കുവാൻ സാധിക്കത്തുള്ളൂ.** ഒരു കർഷകൻ ഒരു വിത്ത് നട്ടിട്ട് അത് വെള്ളമൊഴിച്ചു, വളവുമിട്ടു... അത് വേഗത്തിൽ വളർന്നു കാണാൻ തക്കവണ്ണം

തിടുക്കത്തോടെ ഓരോ ദിവസവും എന്തായി തന്റെ ചെടി എന്ന് അറിയുവാൻ തക്കവണ്ണം ഇളക്കി നോക്കുന്ന അവസ്ഥയാണെങ്കിൽ അതിനൊരിക്കലും വളർന്നു വരുവാനായിട്ട് സാധിക്കുകയില്ല. ആ വിത്ത് നശിച്ചു പോവുകയുള്ളൂ. രാവിലെ വിത്ത് വിതച്ചു വൈകിട്ട് കൊയ്യുന്ന ചില ഐതീഹ്യങ്ങൾ നാം വായിച്ചിട്ടുണ്ട്. **എന്നാൽ ജീവിതത്തിൽ ക്ഷമയോടുകൂടെ ദൈവാശ്രയ ബോധത്തിൽ ഒരുവന് ജീവിക്കുവാൻ സാധിക്കുന്നുവെങ്കിൽ മാത്രമേ** അവന് നല്ല ഫലം പുറപ്പെടുവിക്കുവാനായിട്ട് സാധിക്കുകയുള്ളൂ.

***രണ്ട്*** ... ആധുനിക ലോകം ഉൽകണ്ഠകളുടെയും പ്രതിസന്ധികളുടെയും കാലഘട്ടമാണ്. എന്നാൽ നല്ല ഫലം പുറപ്പെടുവിക്കണമെങ്കിൽ ഉൽകണ്ഠയും ആകുലതയും ഒഴിഞ്ഞു ജീവിക്കുവാൻ സാധിക്കുന്ന ഒരുവന് മാത്രമേ... നല്ല ഫലം പുറപ്പെടുവിക്കുവാനായിട്ട് സാധിക്കത്തുള്ളൂ. ആകുലതയും വെപ്രാളവും അങ്കലാപ്പും ജീവിതത്തെ നയിക്കുന്ന ഒരുവന് ഒരിക്കലും ശരിയായ ഫലം കായിക്കുവാനായിട്ട് സാധിക്കത്തില്ല. **ഉൽകണ്ഠയും ആകുലതയും ഇല്ലാതെ ജീവിച്ചു വരുന്ന ഒരു വ്യക്തി.... ആ വ്യക്തിക്ക് മാത്രമേ** യഥാർത്ഥമായ നല്ല ഫലം പുറപ്പെടുവിക്കുവാനയിട്ട് സാധിക്കുകയുള്ളൂ.

***മൂന്നാമതായിട്ട്***, **വിത്ത് വളരുമാറാക്കുന്നത് ദൈവമാണെന്നുള്ള.. ആ വലിയ ബോധ്യം നമുക്കുണ്ടാകണം**. യഥാവിധി യഥാസമയം എന്നെ നടത്തുന്നത് ദൈവമാണെന്നുള്ള ആ ആഴമായ ചിന്ത എപ്പോഴും നമ്മെ ഭരിച്ചുകൊണ്ടിരിക്കണം. യിരമ്യാവിന്റെ പുസ്തകം ഇരുപത്തൊൻപതാം അദ്ധ്യായം പതിനൊന്നാം വാക്യത്തിൽ *"നിന്നെക്കുറിച്ച് ഉള്ള പദ്ധതി എന്റെ മനസ്സിലുണ്ട്, അത് നിന്റെ ശുഭഭാവിയെ കുറിച്ചുള്ള പദ്ധതിയാണ്"* എന്നുള്ള വചനം നല്ല ഫലം കായിക്കുവാൻ തക്കവണ്ണം ആഗ്രഹിക്കുന്ന ഒരു വ്യക്തി അവന്റെ ഹൃദയത്തിൽ കുറിച്ചിടേണ്ടിയ ഏറ്റവും പ്രാധാന്യമുള്ള വചനമാണ്.

മറ്റൊന്ന്, **വിത്തിന്റെ വളർച്ചയ്ക്ക് എപ്പോഴും ആവശ്യം അലസതവെടിഞ്ഞുള്ള ജീവിതമാണ്**. അലസൻ അശ്രദ്ധനാണ്. അലസതയും അശ്രദ്ധയും ഒരുവന്റെ ജീവിതത്തിൽ നിലനിന്നാൽ ഒരിക്കലും അവന് നല്ല ഫലം പുറപ്പെടുവിക്കുവാനയിട്ട് സാധിക്കുകയില്ല. അതുപോലെതന്നെ **യഥാർത്ഥമായ ദൈവീക രക്ഷ, അതിന്റെ പൂർണതയിൽ എത്തിച്ചേരണമെങ്കിൽ** ഫിലിപ്പിയ ലേഖനം രണ്ടാം അദ്ധ്യായം 12, 13 വാക്യത്തിൽ, *"പൂർവ്വാധികം ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷയ്ക്കു പര്യാപ്തമായ വേല ചെയ്യുവിൻ. ഇച്ഛിക്കുവാനും, ഇച്ഛിക്കുന്നത് പ്രവർത്തിക്കുവാനും നിങ്ങളെ ഉത്സാഹിപ്പിക്കുന്നത് ദൈവമാകുന്നു"* **ഫിലിപ്പിയർ 2:12,13**

അയതുകൊണ്ട് ജീവിതത്തിൽ ക്ഷമ നിലനിർത്തണമെങ്കിൽ അക്ഷമ ഒഴിവാക്കി, ശാന്തമായി കാത്തിരിക്കേണ്ടുന്ന സാഹചര്യങ്ങൾ അനവധിയുണ്ട്. തിടുക്കവും അതുപോലെതന്നെ... ദൃതഗതിയും പ്രശ്നങ്ങൾ പരിഹരിക്കുന്നില്ല, സങ്കീർണമാക്കുകയുള്ളൂ. രണ്ട് , ഉറക്കം കെടുത്തുന്ന ഉൽകണ്ഠയും ആകുലതയും ഒഴിവാക്കേണ്ട ആവശ്യം... അത് പലപ്പോഴും ഇന്ന് മദ്യം കഴിച്ചും മയക്കു മരുന്നിന് അടിമപ്പെട്ടും ഒക്കെ ഇന്നത്തെ സമൂഹം ഉൽകണ്ഠയിൽ നിന്ന് അകലുവാൻ ശ്രമിക്കുമ്പോൾ, അതുകൊണ്ട് എത്തിക്കുന്നത് ഏറ്റവും വലിയ വിപത്തിലാണ് എന്നുള്ള കാര്യവും തിരിച്ചറിയേണ്ടതാണ്. അപ്പോൾ തന്നെ; അലസതയും നിഷ്ക്രിയത്വവും വെടിഞ്ഞ് നമ്മുടേതായ നല്ല ചുമതലകൾ കർത്തവ്യബോധത്തോടെ നിവർത്തിക്കുക. അപ്പോൾ ദൈവം.. യഥാർത്ഥമായ ഫലം നമ്മിലൂടെ വെളിപ്പെടുത്തി... **ദൈവം നട്ട ഒരു വൃക്ഷത്തിന്റെ യഥാർത്ഥമായ ഒരു നല്ല ഫലം നമുക്ക് നമ്മുടെ ജീവിതത്തിലൂടെ വെളിപ്പെടുത്തുവാനായിട്ട്** സാധിക്കും.

**തോട്ടത്തിന്റെ നടുവിൽ നിന്ന വൃക്ഷത്തിൽ ഫലം തേടി വരുന്ന ഒരു ഉപമ** കർത്താവ് വെളിപ്പെടുത്തുന്നുണ്ട്. ഫലം കായിക്കാത്ത അത്തി എന്ന നിലയിൽ... പുറമേ നോക്കുമ്പോൾ വളരെ ഭംഗിയുള്ളതാണ്. ഇല തളിർപ്പുള്ളതാണ്, എന്നാൽ അടുത്തു വന്നപ്പോൾ ഫലമില്ലാതിരുന്നു എന്നത് കർത്താവ് ഓർമ്മപ്പെടുത്തുന്ന ഏറ്റവും വലിയ വേദനയുടെ ഒരു ഭാഗമാണ്. അതുകൊണ്ട് ഈ ഒരു വിഷയവുമായുള്ള ബന്ധത്തിൽ, ഫലങ്ങൾ കൊണ്ടാണ് വൃക്ഷം അറിയപ്പെടുന്നത്.. ഒരു വൃക്ഷത്തിൽ അത് നല്ല ഫലം കായിക്കണമെങ്കിൽ ക്ഷമ അനിവാര്യമാണ്. ഉൽകണ്ഠകൾ നിറഞ്ഞ ലോകജീവിതത്തിൽ അതിനെ അതിജീവിക്കുന്ന ദൈവാശ്രയ ബോധം ഏറ്റവും അനിവാര്യമാണ്.

പരിശുദ്ധാത്മ കൃപയിൽ നയിക്കപ്പെട്ടവരായി നല്ല ഫലങ്ങൾ നൽകുന്ന അനുഗൃഹീത വൃക്ഷങ്ങളായി തീരുവാൻ നമുക്ക് ഓരോരുത്തർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

ജയ് ജീസസ്സ് ക്രൈസ്റ്റ്

---

Kottayam Diocese Kottayam Diocese Kottayam Diocese

https://mjssakottayamdiocese.com/kalolsavam

# പ്രസംഗം – 4

ബഹുമാന്യ സദസ്സിന് നമസ്കാരം. പ്രിയപ്പെട്ട സഹോദരങ്ങളെ, ഇന്ന് ഞാൻ സംസാരിക്കാൻ പോകുന്ന വിഷയം വളരെ ലളിതമെങ്കിലും അത്ര തന്നെ ആഴമുള്ള ഒരു സത്യമാണ്: "ഫലങ്ങൾ കൊണ്ടാണ് വൃക്ഷം അറിയപ്പെടുന്നത്." വിശുദ്ധ മത്തായിയുടെ സുവിശേഷം പന്ത്രണ്ടാം അദ്ധ്യായം മുപ്പത്തിമൂന്നാമത്തെ തിരുവചനം.

നാം ഒരു മാവിനെ കണ്ടാൽ അത് മാവാണ് എന്ന് വേഗം തിരിച്ചറിയുന്നത് എങ്ങനെയാണ്? ഇല കണ്ടാണോ? തടി കണ്ടാണോ? അല്ല... അതിന്റെ ഫലം കണ്ടാണ്. അതുപോലെ **ഒരു മനുഷ്യനെ അവന്റെ വാക്കുകൾ കൊണ്ടോ വേഷംകൊണ്ടോ മാത്രം അല്ല, അവന്റെ ജീവിതഫലങ്ങൾകൊണ്ടാണ് അറിയപ്പെടുന്നത്** എന്ന് യേശുക്രിസ്തു പഠിപ്പിക്കുന്നു. ഇന്ന് ഒരു ചോദ്യം നമുക്ക് ചോദിക്കാം: എന്റെ ജീവിതം എന്ത് ഫലമാണ് കായ്ക്കുന്നത്? സ്നേഹമോ? ക്ഷമയോ? നന്മയോ? അല്ലെങ്കിൽ കോപമോ, അസൂയയോ, വിദ്വേഷമോ?

**ഇന്ന് ലോകം മനുഷ്യനെ വിലയിരുത്തുന്നത് പുറംകാഴ്ചകൊണ്ടാണ്.** പണം ഉണ്ടോ? പദവി ഉണ്ടോ? പേരും പ്രശസ്തിയും ഉണ്ടോ? പക്ഷേ ദൈവം ചോദിക്കുന്നത് മറ്റൊന്നാണ്: "നിന്റെ ജീവിതത്തിൽ എന്ത് ഫലമുണ്ട്?" യേശു പറഞ്ഞു: _"അവരെ അവരുടെ ഫലങ്ങൾ കൊണ്ട് നിങ്ങൾ അറിഞ്ഞു കൊള്ളണം. മുള്ളുകളിൽനിന്ന് മുന്തിരിപ്പഴമോ ഞെരിഞ്ഞിലുകളിൽ നിന്ന് അത്തിപ്പഴമോ പറിക്കാറുണ്ടോ?"_ **വി.മത്തായി 7:16** ഒരു ക്രൈസ്തവൻ എപ്പോഴും പള്ളിയിൽ പോകുന്നതുകൊണ്ടു മാത്രം പോരാ; അവന്റെ ജീവിതത്തിൽ ക്രിസ്തുവിന്റെ സ്വഭാവം കാണപ്പെടണം. ഹൃദയം നല്ലതാണെങ്കിൽ ജീവിതഫലവും നല്ലതായിരിക്കും. യേശു പറയുന്നു: _"നല്ല മനുഷ്യൻ നല്ല നിക്ഷേപങ്ങളിൽ നിന്ന് നല്ലതു പുറപ്പെടുവിക്കുന്നു. ചീത്ത മനുഷ്യൻ ചീത്ത നിക്ഷേപങ്ങളിൽ നിന്ന് തിന്മകളെയും പുറപ്പെടുവിക്കുന്നു."_ **വി.മത്തായി 12:35** ഹൃദയത്തിൽ സ്നേഹം ഉണ്ടെങ്കിൽ വാക്കുകളിൽ സ്നേഹം വരും. ഹൃദയത്തിൽ ദൈവഭയം ഉണ്ടെങ്കിൽ പ്രവർത്തികളിൽ നന്മ വരും.

ഒരു വീട്ടിൽ രണ്ട് മരങ്ങൾ ഉണ്ടായിരുന്നു. ഒന്ന് വലിയതും തണൽ നല്കുന്നതുമായിരുന്നു, പക്ഷേ ഫലം ഇല്ല. മറ്റൊന്ന് അത്ര വലുതല്ലായിരുന്നു; പക്ഷേ മധുരമുള്ള മാമ്പഴം കൊടുക്കുമായിരുന്നു. ഒരു ദിവസം വീട്ടുടമ പറഞ്ഞു: _"നിഴൽ മാത്രം മതി എന്നു പറയാനാവില്ല; ഉപകാരമുള്ള ഫലവും വേണം."_ പ്രിയപ്പെട്ടവരേ, നമ്മുടെ ജീവിതവും അങ്ങനെ തന്നെയാണ്. പുറത്ത് നല്ലവനായി അഭിനയിക്കുന്നത് പോരാ; **ജീവിതത്തിൽ ഫലം വേണം.**

ബൈബിൾ നമ്മോട് പറയുന്നത് ഒരു ക്രൈസ്തവന്റെ യഥാർത്ഥ ഫലങ്ങൾ എന്തൊക്കെയാണെന്ന്: **ഗലാത്യർ 5:22-23**: ആത്മാവിന്റെ ഫലങ്ങളെക്കുറിച്ച് ഇവിടെ പൗലോസ് അപ്പോസ്തലൻ പറയുന്നു - *സ്നേഹം, സന്തോഷം, സമാധാനം, ക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം*. ഇവയാണ് ഒരു വിശ്വാസിയുടെ ജീവിതത്തിലെ യഥാർത്ഥ ഫലങ്ങൾ. ഒരു ചോദ്യം നമുക്ക് ചോദിക്കാം: എന്നെ കണ്ടാൽ ആളുകൾക്ക് എന്താണ് അനുഭവപ്പെടുന്നത്? ശാന്തിയോ? സ്നേഹമോ? പ്രചോദനമോ? അല്ലെങ്കിൽ കലഹമോ? കാരണം ഫലങ്ങൾ മറയ്ക്കാൻ കഴിയില്ല.

ഒരു ദിവസം യേശു ഒരു അത്തിവൃക്ഷം കണ്ടു. പുറത്ത് ഇലകൾ ധാരാളം ഉണ്ടായിരുന്നു. പക്ഷേ ഫലം ഇല്ല. അപ്പോൾ യേശു അതിനെ ശപിച്ചു. **(വി.മർക്കോസ് 11:12–14)** ഇവിടെ ഒരു വലിയ സന്ദേശമുണ്ട്: കാഴ്ചയിൽ ഭക്തി ഉണ്ടെന്നു തോന്നാം; പക്ഷേ ജീവിതത്തിൽ ഫലം ഇല്ലെങ്കിൽ അത് ദൈവത്തിന് പ്രസാദകരമല്ല. പള്ളിയിൽ പോകാം. പ്രാർത്ഥിക്കാം. പാട്ടുപാടാം. പക്ഷേ ജീവിതത്തിൽ സ്നേഹമില്ലെങ്കിൽ, ക്ഷമയില്ലെങ്കിൽ, നന്മയില്ലെങ്കിൽ — ഫലം ഇല്ലാത്ത വൃക്ഷംപോലെ ആകും. ഒരു അധ്യാപകൻ വിദ്യാർത്ഥികളോട് ഒരു ചോദ്യം ചോദിച്ചു: “നിങ്ങളെക്കുറിച്ച് ആളുകൾ എന്ത് ഓർക്കണം?” ഒരാൾ പറഞ്ഞു: “ഞാൻ ധനവാനായിരുന്നു.” മറ്റൊരാൾ: “ഞാൻ പ്രശസ്തനായിരുന്നു.” ഒരു ചെറിയ കുട്ടി പറഞ്ഞു: “എന്നെ കണ്ടാൽ ആളുകൾക്ക് നല്ലവനാകാൻ തോന്നണം.” അതാണ് യഥാർത്ഥ ഫലം. നമ്മുടെ ജീവിതം മറ്റുള്ളവർക്ക് അനുഗ്രഹമാകണം.

## നമുക്ക് എന്ത് ഫലം കായ്ക്കാം?

### 1) സ്നേഹത്തിന്റെ ഫലം

*“നിങ്ങൾ പരസ്പരം സ്നേഹിച്ചു കൊണ്ടിരിക്കണം. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിക്കണം”* — വി.യോഹന്നാൻ 13:34

### 2) നന്മയുടെ ഫലം

“നന്മ ചെയ്യുന്നതിൽ നാം അലസരാകരുത്” — ഗലാത്യർ 6:9

### 3) വിശുദ്ധിയുടെ ഫലം

*“നിങ്ങൾ പാപത്തിൽ നിന്നു സ്വതന്ത്രരാക്കപ്പെട്ട് ദൈവത്തിന് ദാസരായി തീർന്നിരിക്കയാൽ നിങ്ങൾക്ക് വിശുദ്ധ ഫലങ്ങൾ ഉണ്ട്.”* — റോമർ 6:22

### 4) സമാധാനത്തിന്റെ ഫലം

“സമാധാനം വരുത്തുന്നവർ ഭാഗ്യവാൻമാർ. അവർ ദൈവമക്കൾ എന്ന് വിളിക്കപ്പെടും”— വി. മത്തായി 5:9

പ്രിയമുള്ളവരേ,
ഒരു വൃക്ഷം അത് പറയുന്ന പേരുകൊണ്ടല്ല അറിയപ്പെടുന്നത്; അതിന്റെ ഫലം കൊണ്ടാണ്. അതുപോലെ നാം “ക്രൈസ്തവർ” എന്ന് പറയുന്നതുകൊണ്ടു മാത്രം പോരാ. നമ്മുടെ ജീവിതത്തിൽ ക്രിസ്തുവിന്റെ ഫലം കാണപ്പെടണം. ഇന്ന് നമുക്ക് ഓരോരുത്തരും സ്വയം ചോദിക്കാം: എന്റെ ജീവിതം എന്ത് ഫലം കായ്ക്കുന്നു? കോപമോ? വിദ്വേഷമോ? അല്ല... സ്നേഹമോ, സമാധാനമോ, നന്മയോ? അവസാനമായി യേശുവിന്റെ വാക്കുകൾ ഓർക്കാം: “ഫലങ്ങൾ കൊണ്ടാണ് വൃക്ഷം അറിയപ്പെടുന്നത്.”— മത്തായി 12:33 നമ്മുടെ ജീവിതം മറ്റുള്ളവർക്ക് അനുഗ്രഹമായ നല്ല ഫലങ്ങൾ കായ്ക്കുന്ന വൃക്ഷമാകട്ടെ. നന്ദി.

ദൈവത്തിനു സ്തുതി. എല്ലാവർക്കും നന്ദി.

---------------------------------------------------------------------------------------

Kottayam Diocese Kottayam Diocese Kottayam Diocese

https://mjssakottayamdiocese.com/kalolsavam

---------------------------------------- ---

<u>പ്രസംഗവിഷയവുമായി ബന്ധപ്പെട്ട് വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ള വാക്യങ്ങൾ ഇതൊടൊപ്പം നൽകുന്നു. ഇതിൽ നിന്നും ഉചിതമായ വാക്യങ്ങൾ കൂടി ഉൾപ്പെടുത്തി പ്രസംഗം കുട്ടികളുടെ രീതിയിൽ പുനർക്രമീകരിക്കുക.</u>

## 1. വൃക്ഷവും ഫലവും തമ്മിലുള്ള ബന്ധം

**വി.മത്തായി 7:16**
"അവരെ അവരുടെ ഫലങ്ങൾ കൊണ്ട് നിങ്ങൾ അറിഞ്ഞു കൊള്ളണം. മുള്ളുകളിൽനിന്ന് മുന്തിരിപ്പഴമോ ഞെരിഞ്ഞിലുകളിൽ നിന്ന് അത്തിപ്പഴമോ പറിക്കാറുണ്ടോ?"

**വി.മത്തായി 7:18**
“നല്ല വൃക്ഷത്തിന് ചീത്തഫലങ്ങൾ കായ്ക്കാനോ, ചീത്ത വൃക്ഷത്തിന് നല്ല ഫലങ്ങൾ കായ്ക്കാനോ സാദ്ധ്യമല്ല “

**വി.ലൂക്കോസ് 6:43**
“ദുഷ്ടഫലങ്ങൾ കായ്ക്കുന്ന നല്ല വൃക്ഷമില്ല. നല്ല ഫലങ്ങൾ കായ്ക്കുന്ന ചീത്ത വൃക്ഷവുമില്ല “

**വി.ലൂക്കോസ് 6:45**
“നല്ല മനുഷ്യൻ അവന്റെ ഹൃദയത്തിലുള്ള നല്ല നിക്ഷേപങ്ങളിൽ നിന്നും നന്മകളെ പുറപ്പെടുവിക്കുന്നു.”

## 2. ഫലം പുറപ്പെടുവിക്കേണ്ടതിന്റെ പ്രാധാന്യം

**വി.മത്തായി 3:8**

"ആകയാൽ മാനസാന്തരത്തിന് യോഗ്യമായ ഫലങ്ങൾ ഉളവാക്കുവിൻ"

**വി.യോഹന്നാൻ 15:16**

"നിങ്ങൾ പോയി ഫലം കായ്ക്കുവാൻ ഞാൻ നിങ്ങളെ നിയമിച്ചുമിരിക്കുന്നു. നിങ്ങളുടെ ഫലങ്ങൾ നിലനിൽക്കുകയും ചെയ്യും"

**വി.ലൂക്കോസ് 13:6-9**

"ഫലം തരാത്ത അത്തിവൃക്ഷത്തിന്റെ ഉപമ."

(ഫലം പുറപ്പെടുവിക്കാത്തവർക്കുള്ള മുന്നറിയിപ്പായി ഇത് ഉപയോഗിക്കാം).

## 2. ആത്മീയ ഫലങ്ങൾ

**ഗലാത്യർ 5:22,23**

"സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വാസം, വിനയം, സഹനം (ഇന്ദ്രിയജയം) "

(ക്രിസ്തീയ ജീവിതത്തിൽ കാണേണ്ട ഗുണങ്ങൾ)

**എഫേസ്യർ 5:9**

" എന്തെന്നാൽ പ്രകാശത്തിന്റെ ഫലങ്ങൾ സർവ്വ നന്മയിലും, നീതിയിലും സത്യത്തിലുമാകുന്നു" (നമ്മുടെ പ്രവർത്തികൾ എങ്ങനെയായിരിക്കണം എന്ന് ഇതിലൂടെ വ്യക്തമാക്കാം).

## 4. ദൈവത്തിൽ വസിക്കുന്നവന്റെ ഫലങ്ങൾ

**സങ്കീർത്തനങ്ങൾ 1:3**

" അവൻ ആറ്ററികെ നടപ്പെട്ടിരിക്കുന്നതും, തക്ക കാലത്തു ഫലം തരുന്നതും, ഇലപൊഴിഞ്ഞു പോകാത്തതുമായ വൃക്ഷം പോലെയായിരിക്കും."

**വി.യോഹന്നാൻ 15:5**

"ഞാനാകുന്നു മുന്തിരിവള്ളി. നിങ്ങൾ ശാഖകളുമാണ്. ഒരുവൻ എന്നിലും ഞാൻ അവനിലും വസിച്ചാൽ, അവൻ വളരെയേറെ ഫലം പുറപ്പെടുവിക്കും."

## 5. സൽപ്രവൃത്തികളുടെ ഫലം

**വി.യോഹന്നാൻ 15:8**

"നിങ്ങൾ അധിക ഫലം പുറപ്പെടുവിക്കുക മൂലം പിതാവ് മഹിമപ്പെടുന്നു"

**വി.മത്തായി 5:16**

"മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ടിട്ട് നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിനെ പുകഴ്ത്തുവാൻ തക്കവണ്ണം നിങ്ങളുടെ പ്രകാശം അവരുടെ മുമ്പിൽ വിളങ്ങട്ടെ"

**വി.മർക്കോസ് 4:26**
"നിലത്തിൽ വിത്തു വിതച്ച ഒരുവനെപ്പോലെയാകുന്നു സ്വർഗ്ഗരാജ്യം"

**ഫിലിപ്പിയർ 2:12,13**
"പൂർവ്വാധികം ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷയ്ക്കു പര്യാപ്തമായ വേല ചെയ്യുവിൻ. ഇച്ഛിക്കുവാനും, ഇച്ഛിക്കുന്നത് പ്രവർത്തിക്കുവാനും നിങ്ങളെ ഉത്സാഹിപ്പിക്കുന്നത് ദൈവമാകുന്നു"

**വി.മത്തായി 12:35**
"നല്ല മനുഷ്യൻ നല്ല നിക്ഷേപങ്ങളിൽ നിന്ന് നല്ലതു പുറപ്പെടുവിക്കുന്നു. ചീത്ത മനുഷ്യൻ ചീത്ത നിക്ഷേപങ്ങളിൽ നിന്ന് തിന്മകളെയും പുറപ്പെടുവിക്കുന്നു."

**വി.യോഹന്നാൻ 13:34**
"നിങ്ങൾ പരസ്പരം സ്നേഹിച്ചു കൊണ്ടിരിക്കണം. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിക്കണം"

**ഗലാത്യർ 6:9**
"നന്മ ചെയ്യുന്നതിൽ നാം അലസരാകരുത്"

**വി. മത്തായി 5:9**
"സമാധാനം വരുത്തുന്നവർ ഭാഗ്യവാൻമാർ. അവർ ദൈവമക്കൾ എന്ന് വിളിക്കപ്പെടും"

**റോമർ 6:22**
"നിങ്ങൾ പാപത്തിൽ നിന്നു സ്വതന്ത്രരാക്കപ്പെട്ട് ദൈവത്തിന് ദാസരായി തീർന്നിരിക്കയാൽ നിങ്ങൾക്ക് വിശുദ്ധ ഫലങ്ങൾ ഉണ്ട്."

**https://mjssakottayamdiocese.com/kalolsavam**

| Category | Date of Birth | Time | Total Marks |
|---|---|---|---|
| Senior | 01.01.2009 to 31.12.2013 | 5 Minutes | 100 |

| Scoring Indicators | Marks | Scoring Indicators | Marks |
|---|---|---|---|
| ആമുഖം | 5 | ഭാഷാശുദ്ധി | 10 |
| സഭാകമ്പമില്ലാതെ സംസാരിക്കുവാനുള്ള കഴിവ് | 10 | ധാരാവാഹിതം Fluency | 10 |
| ആശയസ്പുടത | 40 | സന്ദർഭോചിതമായ ശബ്ദ നിയന്ത്രണം | 10 |
| അക്ഷരസ്പുടത | 10 | ഉപസംഹാരം | 5 |

Kottayam Diocese Kottayam Diocese Kottayam Diocese

കുട്ടികളുടെ സർഗ്ഗാത്മ കഴിവുകൾ പരിപോഷിപ്പിക്കുവാനുള്ള മികച്ച വേദിയാണ് കലോത്സവം. ഒരു പ്രസംഗം ആരും എഴുതി തരുവാനില്ല/ ലഭിക്കാനില്ല എന്ന കാരണത്താൽ ഒരു വിദ്യാർത്ഥിക്കും അവസരം നഷ്ടമാകരുത് എന്ന ചിന്തയിലാണ് ഈ ആശയം ക്രമീകരിച്ചത്.

സീനിയർ വിഭാഗത്തിനുള്ള മാതൃക പ്രസംഗങ്ങൾ MJSSA കോട്ടയം ഭദ്രാസനത്തിന് വേണ്ടി തയ്യാറാക്കിയ **റവ.ഫാ.ഗീവർഗീസ് ( സജി ) നടുമുറിയിൽ, റവ.ഫാ.സോബിൻ ഏലിയാസ് വർഗീസ് അറയ്ക്കലൊഴത്തിൽ** എന്നീ വൈദീകരോടുള്ള നന്ദി ഭദ്രാസന കമ്മിറ്റിക്ക് വേണ്ടി അറിയിക്കുന്നു. കുട്ടികൾ ഇവിടെ നൽകിയിട്ടുള്ള നാല് മാതൃക പ്രസംഗങ്ങളും വായിച്ച്, ആശയം നഷ്ടപ്പെടാതെ അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും സഹായത്തോടെ ഈ PDF ൽ നൽകിയിട്ടുള്ള വി.ഗ്രന്ഥത്തിൽ നിന്നുള്ള വാക്യങ്ങൾ കൂടി ഉൾപ്പെടുത്തി പ്രസംഗം പുനർക്രമീകരിക്കേണ്ടതാണ്. അതു വഴി ഒരേ മാതൃകയിൽ ഏവരും പ്രസംഗിക്കുന്നതും ഒഴിവാക്കാം. **Scoring Indicators** കൂടി മനസിലാക്കി മികച്ച രീതിയിൽ മത്സരത്തെ സമീപിക്കുവാൻ കുട്ടികൾക്ക് സാധിക്കട്ടെ. വിജയാശംസകൾ നേരുന്നു.

M.J.S.S.A KOTTAYAM DIOCESE

AVINESH ABRAHAM THANDASSERIL
DIRECTOR
M.J.S.S.A KOTTAYAM DIOCESE

**അവിനേഷ് തണ്ടാശ്ശേരിൽ**
ഭദ്രാസന ഡയറക്ടർ

**2026 ലെ MJSSA കലോത്സവത്തിന് ഉപയോഗിക്കേണ്ട ആരാധനാഗീതങ്ങൾ**

**----------------------**

## A. ആരാധനാഗീതം മലയാളം

### വി.കുർബ്ബാനക്രമം : സ്ലീബാ നമസ്ക്കാരം

**---------------------**

**Song No: 42**
ഞാനെല്ലാം പരിശോധിച്ചു കർത്തൃ....
**https://youtu.be/qrpPabfC_Lk?si=9oBnaVRGup1x8iqG**

**Song No: 43**
കർത്താവേ! ക്യപ ചെയ്യണമേ മാതൃ... **https://youtu.be/IqIKXKrUs04**

### വി.കുർബ്ബാനക്രമം : ക്യംതാ നമസ്ക്കാരം

**----------------------**

**Song No: 44**
ഈ-നിന്നുത്ഥാനത്തിൻ നാൾ വംശത്തലയാം.... **https://youtu.be/l6pRXN_s2Rc**

**Song No: 45**
നിൻ മുറിവുകളിന്നേറ്റേൻ മൂറോൻ... **https://youtu.be/VL--MFtWIRU**

**Song No: 46**
രക്ഷാകരനേ നിൻ്റെ മുഖം കാണ്മതിനു.... **https://youtu.be/vJFyYWM-33M**

**Song No: 47**
കർത്താവേയാശ്വാസം നൽക ഉത്ഥാനത്തിൻ....
**Version 1** **https://youtu.be/UbI2IkR9gx8**

**Version 2** **https://youtu.be/qyXn6_JuxFw**

**Song No: 48**
മഹിമയൊടാക്കബെറിന്നു പുറ-പ്പെട്ടീസൃഷ്ടികളെ... **https://youtu.be/aY1MGQ8XgkQ**

**Song No: 49**
നാഥാ! നിൻ രാജ്യത്തിൻ മഹിമാ... **https://youtu.be/W6v_YXcXoWw**

### വി.കുർബ്ബാന ഗീതങ്ങൾ

**-------------------**

**Song No: 57**
അഗ്നിരഥത്തിൽ ആരോഹിതനാം ദൈവ... **https://youtu.be/33EHDew01Ug**

## വൈദീകരുടെ ശവസംസ്കാരം

------------------------

**Song No: 91**
നശ്വരമാം വീടേ!- എന്തിനു മോഹിപ്പിച്ചെന്നെ... **https://youtu.be/JJ6xllxg-68**

**Song No: 92**
സുവിശേ-ഷോൽസുകനായ നിൻമെയ് ... **https://youtu.be/JtYZQ20g9BQ**

**Song No: 93**
അ-ബ്രാമിൻ സുതനാമഹറോൻ... **https://youtu.be/m4DUBmffRxU**

**Song No: 94**
മൂശാനി നിബിതൻ മരണത്തിൻ ബഹുമാനാ... **https://youtu.be/dFzE1ymXI3w**

**Song No: 95**
ആചാര്യ - നിർമ്മ- ലചരിതാ സിദ്ധ-ഗണ... **https://youtu.be/TecX-tEq9xc**

**Song No: 96**
ശുചിയോടാ - ചാര്യാ -ർപ്പിതമാം ധൂപം... **https://youtu.be/b4M3Zeu34vY**

**Song No: 99**
രക്ഷകനേ! വാങ്ങിപ്പോ-യി നിന്നെ ശു-ശ്രൂഷി... **https://youtu.be/HgtbEI5XEJw**

**Song No: 100**
ഈ ആചാര്യന്നാശ്വാസം നൽകേണം നാഥാ!.... **https://youtu.be/e_ntR2gDGuA**

—
**@avinesh thandasseril, Director**

# B. ആരാധനാഗീതം സുറിയാനി

## വി.കുർബ്ബാന ഗീതങ്ങൾ

----------------

**Song No: 53**
ഹോ എദോനൊ ദസ്-ലൂസോ ഹോ....
**Version 1 https://youtu.be/1JsUvLr11UE**

**Version 2 https://youtu.be/8Oj8xqtPRqQ**

## വൈദീകരുടെ ശവസംസ്കാരം

----------------------

**Song No: 91**

ഓ ഉമറൊ ദ്സബ്നൊ ല്മൂൻ എസ്കെൽ.... https://youtu.be/6EaAES1Cufs

**Song No: 93**

ല്ബേശ് ആഫൂദോ ദ്കൊഹ്നൂസൊ അഹ്റൂൻ.. https://youtu.be/TVgz3Yu7I3k

**Song No: 97**

മോ ഫായോ ലോ ല്കൊഹസൂസൊ മാക്കി... https://youtu.be/4dr7T3i7kW0

**Song No: 100**

ല്കൊഹ് നോ ക് ആനീഹ് ബയ്നോസ്.... https://youtu.be/UetrqMRnJQk

**Website**

https://www.mjssakottayamdiocese.com

**Plz Subscribe the Channel for more videos**

https://www.youtube.com/@MJSSAKOTTAYAMDIOCESE

## 2026 ലെ MJSSA കലോത്സവത്തിന് ഉപയോഗിക്കേണ്ട ആരാധനാഗീതങ്ങൾ

----------------------

MJSSA ക്രമീകരിച്ചു തന്ന തെരഞ്ഞെടുത്ത ആരാധനാഗീതങ്ങളിൽ നിന്നും 2026 ലെ കലോത്സവത്തിൽ ഉപയോഗിക്കുന്നതിനായി സിലബസ് പ്രകാരം, **ആരാധനാഗീതം മലയാളത്തിൽ Song No: 42 മുതൽ 65 വരെയും, 89 മുതൽ 100 വരെയുമുള്ള 35 ഗീതങ്ങളും, ആരാധനാഗീതം സുറിയാനിയിൽ Song No: 50, 53, 54, 57, 61, 62, 63, 90, 91, 93, 97, 100 എന്നീ പന്ത്രണ്ട് ഗീതങ്ങളുമാണ്** ഉപയോഗിക്കാവുന്നത്. ആയതിൽ ലഭ്യമായിട്ടുള്ള പാട്ടുകളുടെ ലിങ്ക് ഇതൊടൊപ്പം നൽകുന്നു.

**ശ്രദ്ധിക്കുക**

1. ഓരോ ഗീതവും അതാതു ശുശ്രൂഷകൾക്ക് പരി.സഭ നിഷ്കർഷിച്ചിരിക്കുന്ന രാഗങ്ങളിൽ (നിറം) മാത്രം ആലപിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. നിർബന്ധമായും നിറത്തിൽ ആലപിക്കേണ്ട ഗീതങ്ങളുടെ നിറം പാട്ടുബുക്കിൽ ഗീതത്തിന്റെ നമ്പറിന് ശേഷം നൽകിയിട്ടുണ്ട്.

2. രണ്ട് ഖണ്ഡികയോ, അതിലധികമോ ഉള്ള ഗീതങ്ങൾ യഥാക്രമം മൂന്ന് മിനിറ്റിൽ അവസാനിപ്പിക്കുന്ന രീതിയിൽ ഉപയോഗിക്കാവുന്നതാണ്.

പ്രസ്തുത ഗാനങ്ങൾ ക്രമീകരിക്കുന്നതിന് വേണ്ടി നേതൃത്വം നൽകിയ MJSSA ഭാരവാഹികൾക്കും കലോത്സവ കമ്മിറ്റി അംഗങ്ങൾക്കുമുള്ള നന്ദി അറിയിക്കുന്നു.

ഈ വർഷത്തെ കലോത്സവ ഗാനങ്ങൾ ഏവരിലേക്കും എത്തിച്ച് പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ശ്രമകരമായ യൂട്യൂബ് വീഡിയോകളും ഈ ലിങ്കും പൂർത്തിയാക്കിയിരിക്കുന്നത്. പരമാവധി കുട്ടികൾ പാട്ടുകൾ ശരിയായ വിധത്തിൽ പഠിച്ച് കലോത്സവത്തിലും മുന്നോട്ടുള്ള ജീവിതത്തിലും ഉപയോഗപ്രദമാകട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട്...




**അവിനേഷ് തണ്ടാശ്ശേരിൽ**
കോട്ടയം ഭദ്രാസന ഡയറക്ടർ
**9061200790**

## [https://mjssakottayamdiocese.com/kalolsavam](https://mjssakottayamdiocese.com/kalolsavam)

**Social Media Platforms of MJSSA Kottayam Diocese**

| | |
|---|---|
| ***Website*** | **http://www.mjssakottayamdiocese.com** |
| ***YouTube Channel*** | https://www.youtube.com/@MJSSAKOTTAYAMDIOCESE |
| ***Facebook*** | https://www.facebook.com/M.J.S.S.A.KottayamDiocese |
| ***e-mail*** | mjssakottayamdiocese@gmail.com |